**KERALA POLICE INFORMATION CENTRE**

Ph: 0471 2318188     Email: *info.pol@kerala.gov.in*

No.60/PR/PIC/PHQ/14                                                            Date : 27.05.2014

---

## അമിത പലിശ: ഇന്ന് ആറുപേര്‍ അറസ്റ്റില്‍

അമിത പലിശയ്ക്ക് നിയമവിരുദ്ധമായി പണം കൊടുത്തു നിയമലംഘനം നടത്തുന്നവര്‍ക്കെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ഇന്ന് 124 റെയ്ഡുകള്‍ നടത്തിയതായി സംസ്ഥാനപോലീസ് മേധാവി അറിയിച്ചു. ആറുപേര്‍ ഇതേത്തുടര്‍ന്ന് പോലീസ് പിടിയിലായി. ഏഴു കേസുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്.

അനധികൃതമായി സൂക്ഷിച്ച നിരവധി രേഖകള്‍ കണ്ടെടുത്തിട്ടുണ്ട്. ഇതോടെ ഇതുവരെയായി അമിതപലിശക്കാര്‍ക്കെതിരെ നടന്ന 7210-ലേറെ റെയ്ഡുകളിലായി 583-പേര്‍ പിടിയിലായി. 998 കേസുകള്‍ ആകെ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്.

അമിത പലിശക്കാരെക്കുറിച്ചും അനധികൃത പണമിടപാടു സ്ഥാപനങ്ങളെക്കുറിച്ചും പോലീസ് നടത്തുന്ന അന്വേഷണത്തിന്റെയും പൊതുജനങ്ങളില്‍ നിന്ന് ലഭിക്കുന്ന വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള കര്‍ശന പരിശോധന വരും ദിവസങ്ങളിലും തുടരുമെന്ന് സംസ്ഥാനപോലീസ് മേധാവി അറിയിച്ചു.

*************